LIBRARY ARCHIVES Kerala Legislative Assembly

കായംകളം മണ്ഡലത്തിലെ കാലവർഷക്കെടുതി-പ്രകൃതിക്ഷോഭം ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

157(3079) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകളം മണ്ഡലത്തിൽ കാലവർഷക്കെടുതി-പ്രകൃതിക്ഷോഭം ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഈ പ്രവൃത്തികളിൽ ഓരോന്നിന്റേയും നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(സി) ആരംഭിച്ച പ്രവൃത്തികളിൽ പൂർത്തീകരിച്ചവ, ഇതുവരെയും ആരംഭിച്ചിട്ടില്ലാത്തവ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാലവർഷക്കെടുതി - പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവൃത്തികൾക്കുള്ള ഫണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിനിയോഗിക്കുന്ന രീതി ഇല്ല ആയതിനാൽ, അത്തരത്തിലുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

(ബി&സി) ബാധകമല്ല.

വില്ലേജ് ഓഫീസുകളിൽ കരം പിരിക്കുന്നത് സംബന്ധിച്ച്

158(3080) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ കരം പിരിക്കുന്നതിന് ഒരു സമയം ഒരു രസീതു ബുക്ക് മാത്രം ഉപയോഗിക്കുന്നതുകൊണ്ട് കരം അടയ്ക്കാൻ എത്തുന്നവർക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ ;

(ബി) വെള്ളിയാഴ്ച കണക്ക് പരിശോധനാ ദിനമായതിനാൽ ആ ദിവസം കോടതി ആവശ്യങ്ങൾക്ക് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് രസീതു നൽകാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വെള്ളിയാഴ്ചകളിൽ കരം സ്വീകരിക്കുന്നതിനും രസീത് നൽകുന്നതിനും ബദൽ സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ വിശദാംശം നൽകുമോ ?